എ.വൈ.ആർ


സൂറ-11

## ഹൂദ്

يَوْمَ يَأْتِ لَا تَكَلَّمُ نَفْسٌ إِلَّا بِإِذْنِهِۦ ۚ فَمِنْهُمْ شَقِىٌّ وَسَعِيدٌ ﴿١٠٥﴾

105 അതുവന്നെത്തും നാളിൽ, അല്ലാഹുവിന്റെ അനുമതിയില്ലാതെ ആർക്കും ഒന്നും ഉരിയാടാനാവില്ല. അന്ന് മനുഷ്യരിൽ ചിലർ ഭാഗ്യദോഷികളും ചിലർ സൗഭാഗ്യവാന്മാരുമായി വേർതിരിക്കപ്പെടുന്നു.

فَأَمَّا ٱلَّذِينَ شَقُوا۟ فَفِى ٱلنَّارِ لَهُمْ فِيهَا زَفِيرٌ وَشَهِيقٌ ﴿١٠٦﴾

106 പിന്നെ ഭാഗ്യദോഷികളായവർ നരകത്തിൽ തള്ളപ്പെടുന്നു. അവരതിൽ കൊടും താപത്താലും ദാഹത്താലും, കിതച്ചുകൊണ്ടും ചീറ്റിക്കൊണ്ടുമിരിക്കും.

خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۚ إِنَّ رَبَّكَ فَعَّالٌ

لِّمَا يُرِيدُ ﴿١٠٧﴾

107 ആകാശ ഭൂമികളുള്ളിടത്തോളം കാലം അവരുടെ നിത്യഗതി ഇതുതന്നെയാകുന്നു. - നിന്റെ നാഥൻ മറിച്ചു വിചാരിച്ചാലല്ലാതെ. നിന്റെ നാഥനോ ഇഛിക്കുന്നതെന്തും ചെയ്യാൻ പരമാധികാരമുള്ളവനത്രെ.

۞ وَأَمَّا ٱلَّذِينَ سُعِدُوا۟ فَفِى ٱلْجَنَّةِ خَٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَٰوَٰتُ

وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ ۖ عَطَآءً غَيْرَ مَجْذُوذٍ ﴿١٠٨﴾

108 എന്നാൽ സൗഭാഗ്യവാന്മാരോ, സ്വർഗത്തിലാകുന്നു. ആകാശഭൂമികളുള്ളിടത്തോളം കാലം അവരതിൽ നിത്യമായി വസിക്കുന്നു -നിന്റെ നാഥൻ മറിച്ചു വിചാരിച്ചാലല്ലാതെ. അവർക്കുള്ള നിലക്കാത്ത അനുഗ്രഹമാണത്.

فَلَا تَكُ فِى مِرْيَةٍ مِّمَّا يَعْبُدُ هَٰٓؤُلَآءِ ۚ مَا يَعْبُدُونَ إِلَّا
كَمَا يَعْبُدُ ءَابَآؤُهُم مِّن قَبْلُ ۚ وَإِنَّا لَمُوَفُّوهُمْ نَصِيبَهُمْ غَيْرَ مَنقُوصٍ

١٠٩

**109** ഈ ബഹുദൈവവിശ്വാസികൾ ആരാധിക്കുന്ന ദൈവങ്ങളെക്കുറിച്ച് നിനക്ക് യാതൊരു ആശങ്കയും ഉണ്ടാവരുത്. നേരത്തെ പൂർവപിതാക്കൾ ആരാധിച്ചതുപോലെ കേവലം അന്ധമായി ആരാധിക്കുകയാണവർ. നാം അവരുടെ വിഹിതം ഒട്ടും കുറക്കാതെ പൂർത്തീകരിച്ചു കൊടുക്കുന്നതാകുന്നു.

يَوْمَ يَأْتِ= അതുവന്നെത്തുന്ന നാളിൽ

لَا تَكَلَّمُ نَفْسٌ= ഒരു ആത്മാവ് സംസാരിക്കുകയില്ല (ആർക്കും ഒന്നും ഉരിയാടാനാവില്ല)

إِلَّا بِإِذْنِهِ= അവ(അല്ലാഹുവി)ന്റെ അനുമതി കൂടാതെ

فَمِنْهُمْ= അവരിൽ പെട്ടവരാണ് (മനുഷ്യരിൽ ചിലർ)

شَقِيٌّ= ഭാഗ്യദോഷിയും(കളായും) وَسَعِيدٌ= സൗഭാഗ്യവാനും (ന്മാരായും വേർതിരിക്കപ്പെടുന്നു)

فَأَمَّا ٱلَّذِينَ شَقُوا= അപ്പോൾ ഭാഗ്യദോഷികളായവർ فَفِى ٱلنَّارِ= അവർ നരകത്തിൽ (തള്ളപ്പെടുന്നു)

لَهُمْ فِيهَا= അവർക്കുണ്ട് അതിൽ (ദാഹത്താലും താപത്താലും) زَفِيرٌ= കിതപ്പ് (കിതച്ചുകൊണ്ടും)

وَشَهِيقٌ= ചീറ്റലും (റ്റിക്കൊണ്ടുമിരിക്കും)

خَٰلِدِينَ فِيهَا= അതിൽ ശാശ്വതരായ നിലയിൽ (അവരുടെ നിത്യഗതി ഇതുതന്നെയാകുന്നു)

مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ= ആകാശഭൂമികളുള്ളിടത്തോളം കാലം

إِلَّا مَا شَآءَ رَبُّكَ= നിന്റെ നാഥൻ (മറിച്ചു)വിചാരിച്ചാലല്ലാതെ إِنَّ رَبَّكَ= നിശ്ചയമായും നിന്റെ നാഥനോ

فَعَّالٌ= ഏറ്റം ചെയ്യുന്നവനാകുന്നു (ചെയ്യാൻ പരമാധികാരമുള്ളവനാകുന്നു)

لِّمَا يُرِيدُ= അവൻ ഇഛിക്കുന്നത് (എന്തും)

وَأَمَّا ٱلَّذِينَ سُعِدُوا= എന്നാൽ സൗഭാഗ്യവാന്മാ(രോ)രാക്കപ്പെട്ടവർ فَفِى ٱلْجَنَّةِ= സ്വർഗത്തിലാകുന്നു

خَٰلِدِينَ فِيهَا= അതിൽ അവർ നിത്യവാസികളായ നിലയിൽ(ത്യമായി വസിക്കുന്നു)

مَا دَامَتِ ٱلسَّمَٰوَٰتُ وَٱلْأَرْضُ= ആകാശഭൂമികളുള്ളിടത്തോളം കാലം

إِلَّا مَا شَآءَ= (മറിച്ചു വിചാരിച്ചാലല്ലാതെ) ഉദ്ദേശിച്ചതൊഴിച്ച് رَبُّكَ= നിന്റെ നാഥൻ

عَطَآءً= (അവർക്കുള്ള) സമ്മാനം, അനുഗ്രഹമായിട്ട്(മാണത്)

غَيْرَ مَجْذُوذٍ= നിലക്കാത്ത, മുറിക്കപ്പെടാത്ത فَلَا تَكُ= നീ ആവരുത് (നിനക്കുണ്ടാവരുത്)

فِى مِرْيَةٍ= ശങ്കയിൽ (യാതൊരു ശങ്കയും) مِّمَّا يَعْبُدُ= ആരാധിക്കുന്നതിനെ(ദൈവങ്ങളെ)ക്കുറിച്ച്

هَٰٓؤُلَآءِ= ഇക്കൂട്ടർ(ബഹുദൈവവിശ്വാസികൾ)

مَا يَعْبُدُونَ= അവർ ആരാധിക്കുന്നില്ല (കേവലം അന്ധമായി ആരാധിക്കുകയാണവർ)

إِلَّا كَمَا يَعْبُدُ= ആരാധി(ച്ച)ക്കുന്നതുപോലെ ءَابَآؤُهُم= അവരുടെ പൂർവപിതാക്കൾ

തീർച്ചയായും നാം =وَإِنَّا നേരത്തെ =مِّن قَبْلُ

അവരുടെ വിഹിതം =نَصِيبَهُمْ തീർച്ചയായും പൂർത്തീകരിച്ചുകൊടുക്കുന്ന(വൻ)താകുന്നു =لَمُوَفُّوهُمْ

കുറക്കപ്പെട്ടതല്ലാതെ (ഒട്ടും കുറക്കാതെ) =غَيْرَ مَنقُوصٍ

**105–107:** അന്ത്യവിചാരണയുടെ നാളിൽ വാക്ചാതുരി കൊണ്ടോ ന്യായവാദം കൊണ്ടോ ശിപാർശ കൊണ്ടോ ജയിച്ചു കളയാമെന്ന് ആരും വ്യാമോഹിക്കേണ്ടതില്ല. അന്ന് ആർക്കും സ്വന്തം നിലയിൽ ഒന്നും സംസാരിക്കാൻ കഴിയില്ല. വല്ലതും പറയണമെങ്കിൽ അതിന് അല്ലാഹുവിന്റെ അനുമതി ലഭിച്ചിരിക്കണം. വിഗ്രഹാരാധകർ അവരുടെ ആരാധ്യരെ കുറിച്ച് വെച്ചു പുലർത്തുന്ന വിശ്വാസങ്ങളുടെ ഖണ്ഡനമാണിത്. പരലോകം ഉണ്ടെങ്കിൽ തന്നെ തങ്ങളുടെ പൂജാദികർമങ്ങളിൽ പ്രീതിപ്പെട്ട ഉപദൈവങ്ങൾ പരമേശ്വരനോട് ശിപാർശ ചെയ്ത് തങ്ങളെ സകലവിധ ശിക്ഷാനടപടികളിൽനിന്നും സംരക്ഷിച്ചു കൊള്ളുമെന്നാണവർ കരുതുന്നത്. ഉപദൈവങ്ങളെ വേണ്ടവണ്ണം പ്രസാദിപ്പിച്ചിട്ടുണ്ടെങ്കിൽ എന്തൊക്കെ കൊടും പാതകങ്ങളും മഹാപാപങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ഉപദൈവങ്ങൾക്ക് സാക്ഷാൽ ദൈവത്തിങ്കലുള്ള സ്ഥാനത്തിന്റെയും സ്വാധീനത്തിന്റെയും പേരിൽ അല്ലാഹു അതെല്ലാം പൊറുത്തു തങ്ങളെ സ്വർഗത്തിലയക്കും. പ്രത്യേകിച്ച് മലക്കുകൾ അല്ലാഹുവിന്റെ അരുമപ്പെൺകിടാങ്ങളാണ്. ഈ ഓമനകൾ തങ്ങളുടെ ആരാധകരെ ദ്രോഹിക്കരുതെന്ന് പിതാവിനോടാവശ്യപ്പെട്ടാൽ അദ്ദേഹത്തിനതു കേൾക്കാതിരിക്കാൻ കഴിയുന്നതെങ്ങനെ?! എന്നാൽ അല്ലാഹുവിന് ആൺമക്കളോ പെൺമക്കളോ സഹായികളോ സഹകാരികളോ ഒന്നുമില്ല. ഉള്ളത് അവന്റെ വിനീത ദാസന്മാരായ സൃഷ്ടികൾ മാത്രമാകുന്നു. അവർക്ക് അന്യരുടെ കാര്യത്തിലിരിക്കട്ടെ, സ്വന്തം കാര്യത്തിൽ പോലും അവന്റെ അനുവാദമില്ലാതെ ഒന്നും സംസാരിക്കാനുള്ള ശക്തിയോ അധികാരമോ ഇല്ല. അല്ലാഹു അനുമതി നൽകിയാൽ തന്നെ തോന്നിയ പോലെ സംസാരിക്കാനൊക്കുകയുമില്ല. സത്യത്തിന്റേതായ ആ നാളിൽ സത്യവും സാധുവുമായതുമാത്രമേ സംസാരിക്കാൻ കഴിയൂ.

رَّبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ٱلرَّحْمَٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾ يَوْمَ يَقُومُ ٱلرُّوحُ وَٱلْمَلَٰٓئِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾

(വാനഭുവനങ്ങളുടെയും അവക്കിടയിലുള്ള സകലത്തിന്റെയും വിധാതാവായ പരമകാരുണികൻ; അവന്റെ മുന്നിൽ സംസാരിക്കാൻ ആർക്കും അധികാരമുണ്ടാവില്ല. ആത്മാവും മലക്കുകളും അണിയണിയായി നിലകൊള്ളും നാളിൽ പരമകാരുണികന്റെ അനുവാദം ലഭിക്കുകയും സത്യവും സാധുവുമായതുമാത്രം പറയുകയും ചെയ്യുന്നവർക്കല്ലാതെ സംസാരിക്കാനാവുകയുമില്ല' – 78:37,38).

വിചാരണ സഭയിൽ സമ്മേളിക്കുന്നവരിൽ രണ്ടു തരക്കാരുണ്ട്. സ്വന്തം വിചാരദോഷം കൊണ്ടും കർമദോഷം കൊണ്ടും പരലോകത്ത് ഭാഗ്യഹീനരായിപ്പോയവരാണൊരു വിഭാഗം. മറ്റേത് അവ രണ്ടിന്റെയും നന്മകൊണ്ട് പരലോകത്ത് സൗഭാഗ്യവാന്മാരായിത്തീർന്നവരും. ഭാഗ്യഹീനരായവർ നരകത്തിലേക്ക് പോകുന്നു. ഭാഗ്യവാന്മാർ സ്വർഗത്തിലേക്കും. നരകത്തിലെത്തുന്നവരുടെ അവസ്ഥ അതിശോചനീയമാണ്. ചൂടും ദാഹവും സഹിക്കാനാവാതെ അവരതിൽ കഴുതകളെപ്പോലെ ചീറിക്കൊണ്ടിരിക്കും. زَفِيرٌ ഉം شَهِيقٌ ഉം കഴുതയുടെ കരച്ചിലാണ്. ഭാഷാർഥത്തിൽ زَفِيرٌ നെടുനിശ്വാസവും شَهِيقٌ നെടുവീർപ്പുമാണ്. ഇവിടെ നരകവാസികളുടെ വിലാപത്തെ കഴുതക്കരച്ചിലിനുപയോഗിക്കുന്ന പദങ്ങളിൽ വർണിച്ചതിൽ അവരോടുള്ള നിന്ദയും ധ്വനിക്കുന്നുണ്ട്. വളരെ പ്രയാസത്തോടെ വേഗത്തിൽ ശ്വാസോഛ്വാസം ചെയ്യുന്നതിനും شَهِيقٌ ഉപയോഗിക്കും. زَفِيرٌ ന് തൊണ്ടയിൽനിന്നു പുറപ്പെടുന്ന ക്ഷീണിതമായ ശബ്ദം, തേങ്ങൽ എന്നും പ്രയോഗത്തിൽ അർഥമുണ്ട്. ഈ അർഥങ്ങൾ പരിഗണിച്ചുകൊണ്ടാണ് കിതപ്പും ചീറ്റലും എന്ന് തർജമ ചെയ്തത്.

നരകക്കാരുടെ ഈ അവസ്ഥ നൈമിഷികമോ താൽക്കാലികമോ അല്ല; ശാശ്വതമാണ്. ആകാശഭൂമികളുള്ളിടത്തോളം കാലം അവരുടെ നിത്യഗതി ഇതുതന്നെയായിരിക്കും.

خَـٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَـٰوَٰتُ وَٱلْأَرْضُ ഇപ്പറയുന്ന ആകാശവും ഭൂമിയും ഇന്നു നാം കാണുന്ന ആകാശവും ഭൂമിയുമല്ല. അന്ത്യനാളിൽ ഈ ആകാശവും ഭൂമിയുമെല്ലാം തകർന്നു പോകുന്നു. തുടർന്ന് പുതിയ ആകാശവും ഭൂമിയും നിലവിൽ വരും. ഖുർആൻ അതെപ്പറ്റി പറയുന്നു:

إِذَا ٱلسَّمَآءُ ٱنفَطَرَتْ ﴿١﴾ وَإِذَا ٱلْكَوَاكِبُ ٱنتَثَرَتْ ﴿٢﴾ وَإِذَا ٱلْبِحَارُ فُجِّرَتْ ﴿٣﴾

(വാനലോകം പൊട്ടിപ്പിളരുമ്പോൾ, താരകങ്ങൾ ചിതറി വീഴുമ്പോൾ, സാഗരങ്ങൾ പ്രക്ഷുബ്ധമാകുമ്പോൾ – 82:1–3). يَوْمَ تُبَدَّلُ ٱلْأَرْضُ غَيْرَ ٱلْأَرْضِ وَٱلسَّمَـٰوَٰتُ (ഭൂമി മറ്റൊരു ഭൂമിയായും, അപ്രകാരം വാനലോകവും മാറുന്ന ദിവസം – 14:47). ആ പുതിയ ഭൂമിയിലായിരിക്കും സ്വർഗം. സ്വർഗസ്ഥരെ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ പറയുന്നു: وَأَوْرَثَنَا ٱلْأَرْضَ نَتَبَوَّأُ مِنَ ٱلْجَنَّةِ حَيْثُ نَشَآءُ (അവൻ ഞങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾക്കിനി സ്വർഗത്തിൽ ഇഷ്ടമുള്ളിടത്ത് സ്ഥലം പിടിക്കാം – 39:74). ഈ ഭൂമിയുടെ പ്രകൃതി ഭൗതികമായ ഭൂമിയുടേതു തന്നെ ആയിരിക്കണമെന്നില്ല. ഇവിടെ സ്വർഗം നിലകൊള്ളുന്ന ഇടത്തെ ഭൂമിയെന്നും അതിനുപരിയായുള്ളതിനെ ആകാശമെന്നും വ്യവഹരിച്ചിരിക്കുകയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഓരോ സ്വർഗത്തിനും ഒരു ഭൂമിയും ഒരാകാശവും ഉണ്ടായിരിക്കുമെന്ന് ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി നിവേദനമുണ്ട്.

'നിന്റെ നാഥൻ ഉദ്ദേശിച്ചതല്ലാതെ' എന്നാണ് –إِلَّا مَا شَآءَ رَبُّكَ–യുടെ നേർ തർജമ. അല്ലാഹു ഉദ്ദേശിക്കുന്ന നരകാവകാശികളുടെ ശിക്ഷ ലഘൂകരിക്കുകയോ അവരെ നരകത്തിൽ നിന്നു മോചിപ്പിക്കുകയോ ചെയ്തേക്കാം എന്നാണ് അതിന്റെ ഒരു താൽപര്യം. അങ്ങനെയെങ്കിൽ അവരുടെ തിന്മയുടെ ഏറ്റക്കുറവിന്റെ അടിസ്ഥാനത്തിലായിരിക്കാം ഈ നടപടി. സ്വർഗനരകങ്ങളുടെ നിത്യത അവൻ ഉദ്ദേശിച്ചതുവരെയാകുന്നു എന്നാണ് മറ്റൊരു വ്യാഖ്യാനം. അതായത് അവൻ ഉദ്ദേശിച്ച അവധി കഴിഞ്ഞാൽ സ്വർഗസ്ഥരുടെയും നരകസ്ഥരുടെയും അവസ്ഥക്ക് മാറ്റമുണ്ടാകും. അല്ലെങ്കിൽ സ്വർഗവും നരകവും ഇല്ലാതാകും. മറ്റൊരഭിപ്രായം ഇതാണ്: നരകശിക്ഷ ശാശ്വതമാവില്ല. നരകശിക്ഷക്ക് വിധേയമാക്കാനുദ്ദേശിച്ച കാലം നരകത്തിൽ വസിപ്പിക്കുകയും അനന്തരം തീ കൊണ്ടുള്ളതല്ലാത്ത, തണുപ്പുകൊണ്ടോ മറ്റോ ഉള്ള ശിക്ഷയിലേക്ക് മാറ്റും. സ്വർഗസ്ഥർ കൂടുതൽ മെച്ചപ്പെട്ട സ്വർഗങ്ങളിലേക്ക് മാറ്റപ്പെടും. വരുന്ന 108–ാം സൂക്തത്തിൽ സ്വർഗാവകാശികളെക്കുറിച്ച്

خَـٰلِدِينَ فِيهَا مَا دَامَتِ ٱلسَّمَـٰوَٰتُ وَٱلْأَرْضُ إِلَّا مَا شَآءَ رَبُّكَ عَطَآءً غَيْرَ مَجْذُوذٍ

(സൗഭാഗ്യവാന്മാർ ആകാശഭൂമികളുള്ളിടത്തോളം കാലം അതിൽ നിത്യവാസികളാകുന്നു; നിന്റെ നാഥൻ മറിച്ചു വിചാരിച്ചാലല്ലാതെ. അവർക്കുള്ള നിലക്കാത്ത അനുഗ്രഹമാണത്) എന്നു പ്രസ്താവിക്കുന്നുണ്ട്. അല്ലാഹു ഉദ്ദേശിച്ചാൽ സ്വർഗത്തിന്റെ ശാശ്വതികത്വം ഇല്ലാതാകുന്നതോടൊപ്പം അനുഗ്രഹങ്ങൾ അവസാനിക്കുകയില്ല എന്നുകൂടി പറയുന്നത് മേൽ പറഞ്ഞ വ്യാഖ്യാനത്തിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ജനനമരണങ്ങളും വിചാരണയും സ്വർഗ നരകങ്ങളുമെല്ലാം അല്ലാഹുവിന്റെ ഇഛ –مشيئة– അനുസരിച്ചാണ് നടക്കുന്നത് എന്ന് അനുസ്മരിപ്പിക്കുകയാണ് إِلَّا مَا شَآءَ رَبُّكَ എന്ന വാക്യമെന്നുമുണ്ട് ഒരഭിപ്രായം. അല്ലാഹുവിന് വേണമെങ്കിൽ ആരെയും ശിക്ഷിക്കാം, ശിക്ഷിക്കാതിരിക്കാം. ശിക്ഷിക്കുന്നത് താൽക്കാലികമാക്കാം ശാശ്വതമാക്കാം. അതിൽ നിന്നൊന്നും അവനെ തടയുന്ന യാതൊരു ശക്തിയുമില്ല. താനുദ്ദേശിക്കുന്നതെന്തും നടപ്പിലാക്കാൻ സകലവിധ കഴിവുകളും അധികാരവുമുള്ളവനാണവൻ – إِنَّ رَبَّكَ فَعَّالٌ لِّمَا يُرِيدُ.

**108:** പരലോകത്തെത്തുമ്പോൾ മനുഷ്യർ നിർഭാഗ്യവാന്മാർ, സൗഭാഗ്യവാന്മാർ എന്നിങ്ങനെ രണ്ടു വിഭാഗമായിത്തിരിയുമെന്നും നിർഭാഗ്യവാന്മാർ നരകത്തിൽ പതിക്കുമെന്നും മുൻ സൂക്തത്തിൽ പ്രസ്താവിച്ചിരുന്നുവല്ലോ. സൗഭാഗ്യവാന്മാരുടെ ഭാഗധേയമാണ് ഈ സൂക്തം പരാമർശിക്കുന്നത്. അവർ സ്വർഗസ്ഥരാകുന്നു. സ്വർഗത്തിൽതന്നെ നിത്യമായി വസിക്കുകയും ചെയ്യുന്നു. 'ആകാശഭൂമികളുള്ളിടത്തോളം കാലം' എന്നതിന്റെ താൽപര്യം മുൻസൂക്തത്തിന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. إِلَّا مَا شَآءَ رَبُّكَ എന്ന വാക്യവും കഴിഞ്ഞ സൂക്തത്തിൽ വന്നതാണ്. നരകവാസികളുടെ കാര്യത്തിലെന്നപോലെ സ്വർഗവാസികളുടെ കാര്യത്തിലും അല്ലാഹുവിന് മാറ്റങ്ങൾ ഉദ്ദേശിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യാം. നരക വാസികളിൽ ചിലരെ ഭാഗികമായോ പൂർണമായോ വേണമെങ്കിൽ ശിക്ഷയിൽനിന്ന് ഒഴിവാക്കാം. എന്നാൽ സ്വർഗവാസികളെ സ്വർഗത്തിൽനിന്ന് ഒഴിവാക്കുന്നതിന് ഉദ്ദേ

ശിക്കാൻ കഴിവുണ്ടെങ്കിലും അല്ലാഹു അങ്ങനെ ഉദ്ദേശിക്കുകയില്ല. സ്വർഗസ്ഥരുടെ കാര്യത്തിൽ അവന്റെ ഉദ്ദേശ്യം –مشيئة– അവരുടെ പദവികളുടെ മാറ്റവുമായിട്ടാണ് ബന്ധപ്പെടുന്നത്. അല്ലാഹുവിന് വേണമെങ്കിൽ അവരെ ഒരു സ്വർഗത്തിൽനിന്ന് മറ്റൊരു സ്വർഗത്തിലേക്കു മാറ്റാം. ഈ മാറ്റം സ്വർഗ സ്ഥർക്ക് കൂടുതൽ ഗുണകരവും മഹത്തരവുമായേ വരൂ. അതായത് ഒരു ആനന്ദാവസ്ഥയിൽനിന്ന് കൂടുതൽ വലിയ ആനന്ദാവസ്ഥയിലേക്കായിരിക്കും അവരുടെ മാറ്റം. നിലക്കാത്ത അനുഗ്രഹമായി عَطَآءً غَيْرَ مَجْذُوذٍ എന്ന വാക്യത്തിൽനിന്ന് അത് വ്യക്തമാകുന്നു. മുറിക്കപ്പെടുന്നത് എന്നാണ് مَجْذُوذٍ ന്റെ അർഥം. ഒരിക്കലും നിലക്കാതെ, ധാരമുറിയാതെ ലഭിക്കുന്ന അനുഗ്രഹ സമ്മാനം എന്ന അർഥ ത്തിലാണ് ഇവിടെ عَطَآءً غَيْرَ مَجْذُوذٍ ഉപയോഗിച്ചിരിക്കുന്നത്.

**109:** ബഹുദൈവവിശ്വാസികൾ ആരാധിക്കുന്ന വ്യാജദൈവങ്ങളുടെ കാര്യത്തിൽ പ്രവാചകന് വല്ല ശങ്കയും ഉണ്ടായിരുന്നതുകൊണ്ടല്ല ഈ വാക്യം പ്രവാചകനെ സംബോധന ചെയ്യുന്നത്. ഖുർആൻ പല സന്ദർഭങ്ങളിലും അവിശ്വാസികളെ സംബോധന ചെയ്തു പറയേണ്ട കാര്യങ്ങൾ പ്രവാചകനെ സംബോധന ചെയ്തു പറയുന്നുണ്ട്. അക്കൂട്ടത്തിലൊന്നാണിത്. സത്യനിഷേധത്തിലും അന്ധവിശ്വാസ ങ്ങളിലും മൂടുറച്ചു പോയവരോട് പറഞ്ഞിട്ട് പ്രയോജനമില്ലാത്ത സംഗതികളാണിങ്ങനെ പ്രവാചകനെ സംബോധന ചെയ്തു പറയുന്നത്. ഇത്തരം സന്ദർഭങ്ങളിൽ ആന്തരികമായി സംബോധന ചെയ്യപ്പെടു ന്നത് എല്ലാ വിശ്വാസികളും അവിശ്വാസികളുമാണ്. ഇതിന്റെ മറ്റൊരു ഉദാഹരണമാണ് സൂറ *യൂനു സി*ലെ 94–95 സൂക്തങ്ങൾ. ഈ സൂക്തം അവിശ്വാസികളോടു പറയുന്നതിതാണ്: നിങ്ങൾ ആരാധി ക്കുന്ന ദൈവങ്ങൾക്ക് വല്ല ശക്തിയുമുണ്ടോ എന്ന് സംശയിക്കാൻ പോലും പഴുതില്ല. നിങ്ങളാവട്ടെ, ആ ദൈവങ്ങളുടെ യാഥാർഥ്യത്തെക്കുറിച്ച് ചിന്തിക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ പൂർവി കർ ചെയ്തത് അന്ധമായി അനുകരിക്കുകയാണ്. അല്ലാതെ ബൗദ്ധികമോ വൈദികമോ ആയ പ്രമാണ ങ്ങളൊന്നും അതിനില്ല.

വിശ്വാസികളോട് ഈ സൂക്തം ഉണർത്തുന്നു: അന്ധവിശ്വാസികൾ വിഗ്രഹങ്ങളെയും മറ്റു വ്യാജ ദൈവങ്ങളെയും ആരാധിക്കുന്നു, അവർക്ക് നേർച്ചകളും വഴിപാടുകളും അർപ്പിക്കുന്നു, തങ്ങളുടെ ആവശ്യങ്ങളും ആവലാതികളും അവയുടെ മുമ്പിൽ സമർപ്പിക്കുന്നു. ആ ദൈവങ്ങളുടെ ഊറ്റത്തെയും ചൈതന്യത്തെയും കുറിച്ച് വാചാലരാകുന്നു. ഇതൊന്നും കണ്ട് ഏകദൈവവിശ്വാസി ആ ആരാ ധ്യർക്കും വല്ല ദിവ്യശക്തിയും ഉണ്ടായിരിക്കുമോ എന്ന് സംശയിക്കാനേ പാടില്ല. അവക്കൊന്നും യാതൊരുവിധ ശക്തിയുമില്ലെന്ന് സംശയലേശമന്യേ ബോധ്യപ്പെട്ടിരിക്കണം. ബഹുദൈവാരാധകർ സ്വന്തം പൂർവികരെ അനുകരിക്കുക മാത്രമാണ് ചെയ്യുന്നത്. യഥാർഥത്തിൽ അനുഭവത്തിന്റെയോ പ്രമാണത്തിന്റെയോ യാതൊരു സാക്ഷ്യവുമതിന്നില്ല. സാമാന്യബുദ്ധിയും അവയെ നിരാകരിക്കുന്നു.

ഈ ഉൽബോധനം ഏറെ പ്രസക്തമാകുന്നു. വ്യാജദൈവങ്ങളുടെ ശക്തിയിലും ദിവ്യത്വത്തിലുമു ണ്ടാകുന്ന നേരിയ സംശയങ്ങൾ എന്നും സംശയങ്ങളായി നിൽക്കുകയില്ല. അതു വളർന്ന് വിശ്വാസ മായി ഉറക്കും. ഏകദൈവ വിശ്വാസി സ്വയമറിയാതെ ബഹുദൈവവിശ്വാസിയായി മാറുകയായിരിക്കും അതിന്റെ ഫലം. കേരളീയ മുസ്‌ലിം സമൂഹത്തിൽ ഇതിന് ഉദാഹരണങ്ങൾ കാണാം. ചില സഹോദര ങ്ങൾ തികഞ്ഞ ഏകദൈവവിശ്വാസികൾ എന്നവകാശപ്പെട്ടുകൊണ്ടുതന്നെ കുട്ടിച്ചാത്തൻ പോലുള്ള മിഥ്യകളിലും ആൾദൈവങ്ങളിലും വിശ്വസിക്കുന്നു. ആഗ്രഹസാഫല്യത്തിനും പ്രശ്ന പരിഹാര ത്തിനും വിഗ്രഹാലയങ്ങളിലേക്ക് വഴിപാട് നേരുകയും കാണിക്കകളർപ്പിക്കുകയും വിഗ്രഹസന്നിധാന ങ്ങളിലേക്ക്, വിഗ്രഹമതത്തിന്റെ എല്ലാ ആചാരങ്ങളുമനുഷ്ഠിച്ചുകൊണ്ട് തീർഥാടനം നടത്തുകയും ചെയ്യുന്നു. ഇത്തരം വിശ്വാസ ശൈഥില്യങ്ങളെ മതസൗഹാർദത്തിന്റെ മഹിത മാതൃകകളായി അവതരി പ്പിക്കുന്നതും ഒരു ഫാഷനായിട്ടുണ്ട്. വാസ്തവത്തിൽ രണ്ടാലൊരു മതത്തെ അല്ലെങ്കിൽ രണ്ടു മതങ്ങ ളെയും വഞ്ചിക്കുന്ന നടപടിയാണിത്. പരസ്പര വിരുദ്ധമായ വിശ്വാസങ്ങളെ കൂട്ടിക്കുഴക്കലല്ല മതസൗ ഹാർദം; എല്ലാ മതങ്ങൾക്കും നിലനിൽക്കാൻ ഇടം നൽകുകയും മൈത്രിയോടെ വാഴുകയുമാണ്. ഒരു വിഗ്രഹാലയം നിർമിക്കാൻ അതിന്റെ ആളുകൾക്ക് സംഭാവന കൊടുക്കുന്നതും ഒരാഗ്രഹ സാഫല്യ ത്തിന് വേണ്ടി ആ വിഗ്രഹത്തിന് വഴിപാട് നേരുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ആദ്യത്തേത് സൗഹാർദ പ്രകടനമാണെങ്കിൽ രണ്ടാമത്തേത് ആദർശത്തെ, വിശ്വാസത്തെ വഞ്ചിക്കലാണ്. അല്ലാഹു വിന് പങ്കാളികളില്ലെന്ന വിശ്വാസത്തെ നിഷേധിക്കാതെ വിഗ്രഹദൈവങ്ങളുടെ സഹായത്തിലും സംര ക്ഷണത്തിലും പ്രതീക്ഷയർപ്പിക്കാനാവില്ല.

وَإِنَّا لَمُوَفُّوهُمْ نَصِيبَهُمْ (നാം അവരുടെ വിഹിതം പൂർണമായും നൽകുക തന്നെ ചെയ്യും) എന്ന

വാക്യത്തിന്റെ ഒരു വ്യാഖ്യാനം, ഈ ബഹുദൈവാരാധകരും അവരുടെ പൂർവികരും ആ മൂഢ നടപടി അർഹിക്കുന്ന ശിക്ഷ പൂർണമായി അനുഭവിക്കേണ്ടിവരും എന്നാണ്. കൂടുതൽ പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ള മറ്റൊരു വ്യാഖ്യാനം ഇപ്രകാരമാകുന്നു: വിഗ്രഹാരാധകരും അല്ലാത്തവരും അനുഭവിക്കുന്ന നേട്ടങ്ങളും നഷ്ടങ്ങളും ജയാപചയങ്ങളും അല്ലാഹു അവർക്ക് വിധിച്ചു വച്ച ഭാഗധേയങ്ങളാണ്. അല്ലാതെ വിഗ്രഹങ്ങളുടെയും വ്യാജദൈവങ്ങളുടെയും വകയല്ല. അല്ലാഹു ഓരോരുത്തർക്കും ഈ ജീവിതത്തിൽ നിശ്ചയിച്ചിട്ടുള്ള വിഹിതം എല്ലാവർക്കും പൂർണമായിത്തന്നെ ലഭിക്കുന്നു. വിശ്വാസത്തിന്റെയോ അന്ധവിശ്വാസത്തിന്റെയോ അവിശ്വാസത്തിന്റെയോ പേരിൽ ആർക്കും ഭൗതിക വിഭവങ്ങൾ വിലക്കപ്പെടുന്നില്ല.

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ നബി(സ) പ്രസ്താവിച്ചതായി അബൂബക്കർ(റ)ൽനിന്ന് ഇബ്നു മർദവൈഹി ഉദ്ധരിക്കുന്നു: “അല്ലാഹുവിനോട് സ്വാസ്ഥ്യം തേടുവിൻ. ദൃഢവിശ്വാസത്തിനു ശേഷം മനഃസ്വസ്ഥതയേക്കാൾ ശ്രേഷ്ഠമായതൊന്നും അവൻ ആർക്കും നൽകുന്നില്ല. ശങ്കകളെ സൂക്ഷിക്കുക. സത്യനിഷേധത്തിനുശേഷം ശങ്കയെക്കാൾ ദുഷ്ടമായതൊന്നും അവൻ ആർക്കും നൽകുന്നില്ല.” ■